സ്വദ്റുദ്ദീൻ വാഴക്കാട്

# മഖ്ബറ വ്യവസായം

**മഖ്ബറ വ്യവസായത്തിന്റെ പുത്തൻ സാധ്യതകൾ ആരായുകയാണിപ്പോൾ ആത്മീയക്കച്ചവടക്കാർ. പണ്ടുമുതലേ നടന്നുവരാറുള്ള ഉറൂസുകൾ കൂടുതൽ സജീവമാക്കുന്നു. ആരും ശ്രദ്ധിക്കാതെ കിടന്നിരുന്ന ഖബ്റുകൾ കെട്ടിയുയർത്തി അലങ്കരിച്ച് പുതുതായി നേർച്ചകൾ ആരംഭിക്കുന്നു, ചിലയിടങ്ങളിൽ പുതിയ മഖ്ബറകൾ തന്നെ പണിതുയർത്തിക്കൊണ്ടിരിക്കുന്നു. ഇരു സമസ്തകളും തമ്മിലെ മാത്സര്യം ഇതിന് ആക്കം കൂട്ടുകയാണ്. വൻ പ്രചാരണം നടത്തിയാണ് മഖ്ബറകളിലേക്കും അവിടങ്ങളിൽ നടക്കുന്ന ഉറൂസുകളിലേക്കും 'ഭക്ത'ജനങ്ങളെ ആകർഷിക്കുന്നത്. പത്രപരസ്യങ്ങൾ, ഫ്ളക്സ് ബോർഡുകൾ, മൾട്ടികളർ പോസ്റ്ററുകൾ, മഖാമിന്റെ 'പോരിശ' വിവരിക്കുന്ന ലഘുലേഖകൾ തുടങ്ങിയവയാണ് പ്രചാരണ മാധ്യമങ്ങൾ. ആയിരക്കണക്കിന് രൂപയാണ് ഈ വകയിൽ ദർഗനടത്തിപ്പുകാർ ചെലവഴിക്കുന്നത്.**

**കാസർകോട്** ആലിയ കോളേജിൽ വിദ്യാർഥിയായിരുന്ന കാലം. സ്റ്റാമ്പ് വാങ്ങാൻ പോസ്റ്റോഫീസിൽ ചെന്നപ്പോൾ അമുസ്ലിമായ പോസ്റ്റ്മാൻ ഒരു കവർ തന്നു. 'ഏതെങ്കിലുമൊരു മുസ്ലിമിന് നൽകുക' എന്ന് കവറിനു പുറത്ത് എഴുതിയിരുന്നു. ഒരു മണി ഓർഡർ ഫോമും ഉർദു നോട്ടീസുമാണ് കവറിലുണ്ടായിരുന്നത്. നോട്ടീസിലെ ഉള്ളടക്കം ഏതാണ്ട് ഇപ്രകാരമായിരുന്നു: ''നിങ്ങൾക്കും കുടുംബാംഗങ്ങൾക്കും ആഗ്രഹങ്ങൾ സാധിക്കാൻ ദീർഘദൂര യാത്രചെയ്ത് അജ്മീർ സന്ദർശിക്കാൻ പ്രയാസമുണ്ടെങ്കിൽ പണം നേർച്ചയാക്കി ഞങ്ങൾക്കയച്ചുതരിക. നിങ്ങളുടെ പണം ലഭിച്ചാലുടൻ നിങ്ങൾ ആവശ്യപ്പെടുന്ന 'വഴിപാടുകൾ' നടത്തി 'പ്രസാദം' ദർഗയിൽനിന്ന് നിങ്ങൾക്ക് അയച്ചുതരുന്നതാണ്. നിങ്ങൾ നേരിട്ട് ദർഗ സന്ദർശിക്കുകയാണെങ്കിൽ ഈ നോട്ടീസിലുള്ള വിലാസത്തിൽ ബന്ധപ്പെടണം. നിരവധി വ്യാജ ഏജൻസികൾ ഇവിടെയുണ്ട്. അവരുടെ വലയിൽ കുടുങ്ങി നിങ്ങൾ തട്ടിപ്പിനിരയാകാതിരിക്കാനാണിത്." സന്ദേശത്തിനു താഴെ ഏജന്റിന്റെ പേരും അഡ്രസ്സുമുണ്ടായിരുന്നു. എം.ഒ ഫോമിൽ അയക്കേണ്ട ആളുടെ പേരും വിലാസവും അച്ചടിച്ചിരുന്നു. മറ്റൊരാവശ്യത്തിനും അതുപയോഗിക്കാതിരിക്കാനാകാം അങ്ങനെ ചെയ്തത്. അജ്മീറിലെ ഉറൂസിനോടനുബന്ധിച്ചായിരുന്നു അതെന്നാണ് ഓർമ. ഇത്തരം ആയിരക്കണക്കിന് കത്തുകൾ അജ്മീറിൽനിന്ന് അയച്ചുകൊണ്ടിരുന്നുവെന്ന് അന്വേഷിച്ചപ്പോൾ മനസ്സിലാക്കാൻ സാധിച്ചു.

'ഭക്തി' മൊത്തമായി ഉൽപാദിപ്പിച്ച് ചില്ലറയായി വിതരണം ചെയ്യുന്ന ആത്മീയ വാണിഭകേന്ദ്രങ്ങളാണിന്ന് മഖ്ബറകൾ. മുതൽമുടക്കില്ലാതെ ലക്ഷങ്ങൾ കൊയ്യാവുന്ന, നഷ്ടസാധ്യത ഒട്ടുമില്ലാത്തതാണ് ശവകുടീര വ്യവസായം. പുതിയതും പഴയതുമായ മഖ്ബറകൾ, അവ നടത്തിക്കൊണ്ടുപോകുന്ന വ്യക്തികളും കമ്മിറ്റികളും സംഘടനകളും, ഉപഭോക്താക്കളെ വലവീശിപ്പിടിക്കുന്ന ഏജന്റുമാർ, മഖ്ബറകളോടനുബന്ധിച്ച് രൂപം കൊള്ളുന്ന കച്ചവട സ്ഥാപനങ്ങൾ, 'ചികിത്സാ' കേന്ദ്രങ്ങൾ, പ്രത്യേക വാഹന സൗകര്യങ്ങൾ, സിയാറത്ത് ടൂർ ഓപ്പറേറ്റർമാർ, നേർച്ചപ്പെട്ടികളിലിടുന്ന പണം ശേഖരിക്കുന്നവർ, പ്രാർഥിച്ചുകൊടുക്കാനും മന്ത്രിച്ചൂതി നൂലും വെള്ളവും മറ്റും വിതരണം ചെയ്യാനും സദാ തയാറായി നിൽക്കുന്ന പുരോഹിതന്മാർ, ഇവരുടെയെല്ലാം കെണികളിലകപ്പെട്ട് നാണയത്തുട്ടുകളും നോട്ടുകെട്ടുകളും നേർച്ചവസ്തുക്കളും ചിലപ്പോൾ മാനവും ജീവിതം തന്നെയും ദർഗകളിൽ സമർപ്പിച്ച് നിർവൃതികൊള്ളുന്ന 'ഭക്ത'ജനങ്ങൾ, അന്ധവിശ്വാസികളുടെ വോട്ടിൽ കണ്ണുനട്ട് ദർഗകളിൽ സന്ദർശനം നടത്തുന്ന രാഷ്ട്രീയക്കാർ.... എല്ലാവരും ചേർന്ന് മഖ്ബറ വ്യവസായം കൊഴുപ്പിക്കുകയാണിപ്പോൾ.

മഖ്ബറ വ്യവസായത്തിന്റെ പുത്തൻ സാധ്യതകൾ ആരായുകയാണിപ്പോൾ ആത്മീയക്കച്ചവടക്കാർ. പണ്ടുമുതലേ നടന്നുവരാറുള്ള ഉറൂസുകൾ കൂടുതൽ സജീവമാക്കുന്നു. ആരും ശ്രദ്ധിക്കാതെ കിടന്നിരുന്ന ഖബ്റുകൾ കെട്ടിയുയർത്തി അലങ്കരിച്ച് പുതുതായി നേർച്ചകൾ ആരംഭിക്കുന്നു, ചിലയിടങ്ങളിൽ പുതിയ മഖ്ബറകൾ തന്നെ പണിതുയർത്തിക്കൊണ്ടിരിക്കുന്നു. ഇരു സമസ്തകളും തമ്മിലെ മാത്സര്യം ഇതിന് ആക്കം കൂട്ടുകയാണ്. വൻ പ്രചാരണം നടത്തിയാണ് മഖ്ബറകളിലേക്കും അവിടങ്ങളിൽ നടക്കുന്ന ഉറൂസുകളിലേക്കും 'ഭക്ത'ജനങ്ങളെ ആകർഷിക്കുന്നത്. പത്രപരസ്യങ്ങൾ, ഫ്ളക്സ് ബോർഡുകൾ, മൾട്ടികളർ പോസ്റ്ററുകൾ, മഖാമിന്റെ 'പോരിശ' വിവരിക്കുന്ന ലഘുലേഖകൾ തുടങ്ങിയവയാണ് പ്രചാരണ മാധ്യമങ്ങൾ. ആയിരക്കണക്കിന് രൂപയാണ് ഈ വകയിൽ ദർഗനടത്തിപ്പുകാർ ചെലവഴിക്കുന്നത്.

മതപുരോഹിതന്മാരും കച്ചവടക്കാരും രാഷ്ട്രീയക്കാരും ചേർന്ന മുക്കൂട്ടുമുന്നണിയാണ് ഇത്തരം അന്ധവിശ്വാസ-ദുരാചാരങ്ങൾക്കും തട്ടിപ്പുകൾക്കും നേതൃത്വവും പ്രോത്സാഹനവും നൽകുന്നത്. പുരോഹിതന്മാരും മുതവല്ലിമാരും കമ്മിറ്റികളും ഇവരുടെ ഏജന്റുമാരുമെല്ലാം ചേർന്ന ഒന്നാം വിഭാഗം 'മതപരമായ മാന'ങ്ങളും 'വിശ്വാസ'ത്തിന്റെ പിൻബലവും നൽകി ദർഗകൾ പണിത് നേർച്ചകളും ഉറൂസുകളും സംഘടിപ്പിക്കുന്നു. വ്യാപാരികളാവട്ടെ ഇതിലെ കച്ചവടസാധ്യത തിരിച്ചറിഞ്ഞ് പ്രോത്സാഹനം നൽകുന്നു. ദർഗകളിൽ സന്ദർശകർ വർധിക്കുന്നതിനനുസരിച്ച് കച്ചവടക്കാരുടെ വരുമാനം കൂടുന്നു, പുതിയ കച്ചവടസ്ഥാപനങ്ങൾ വരുന്നു. നേർച്ചസാധനങ്ങൾ വിൽക്കുന്നവർ, ഹോട്ടലുകാർ, നേർച്ചകളോടനുബന്ധിച്ചുള്ള താൽക്കാലിക കച്ചവടക്കാർ തുടങ്ങിയവരുടെ നിർലോഭമായ പിന്തുണയാണ് മഖ്ബറകൾ കേന്ദ്രീകരിച്ചുള്ള

അന്ധവിശ്വാസ വ്യാപാരത്തിന് ലഭിക്കുന്നത്. പല ദർഗകളിലെയും ക്ഷേത്രങ്ങളിലെയും ഉറൂസുകളും ഉത്സവങ്ങളും നടത്തുന്നതുതന്നെ അവിടത്തെ വ്യാപാരികളാണ്. നാട്ടുകാരും കമ്മിറ്റിക്കാരും നേർച്ചകളും ഉത്സവങ്ങളും നിർത്തലാക്കാൻ തീരുമാനിച്ചാൽപോലും കച്ചവടക്കാർ അതിനനുവദിക്കില്ല. മാസങ്ങളുടെ കച്ചവടത്തിലൂടെ കിട്ടുന്ന ലാഭമാണ് മുന്നു നാല് ദിവസങ്ങളിലെ നേർച്ചകൾ വഴി അവർക്ക് ലഭിക്കുന്നത്.

മുക്കൂട്ടുമുന്നണിയിലെ മൂന്നാം കക്ഷി രാഷ്ട്രീയക്കാരാണ്. ഭക്തസഹസ്രങ്ങളുടെ വോട്ടിൽ നോട്ടമിട്ട് രാഷ്ട്രീയക്കാർ അന്ധവിശ്വാസ തട്ടിപ്പുകൾക്ക് അരുനിൽക്കുന്നു. മതം രാഷ്ട്രീയത്തിലിടപെടരുതെന്ന് ആദർശം പറയുന്ന ഇവർ മതചിഹ്നങ്ങളെയും മതാചാര്യന്മാരെയും പുരോഹിതന്മാരെയും നിക്ഷിപ്ത താൽപര്യങ്ങൾക്കുവേണ്ടി സമർഥമായി ഉപയോഗപ്പെടുത്തുന്നു, മൂഢവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും പ്രോത്സാഹനവും സംരക്ഷണവും നൽകുന്നു. മതബോധമില്ലാത്ത മുസ്‌ലിം രാഷ്ട്രീയക്കാരും അമുസ്‌ലിം രാഷ്ട്രീയ നേതാക്കളും ദർഗകളിലെ സന്ദർശകരാണ്. ഇപ്പോൾ കമ്യൂണിസ്റ്റുകാരും അന്ധവിശ്വാസ കേന്ദ്രങ്ങളുടെ വക്കാലത്തുമായി രംഗത്തുവന്നിരിക്കുകയാണ്. നേർച്ച-ഉത്സവ കമ്മിറ്റികളിൽ കയറിപ്പറ്റി രാഷ്ട്രീയക്കാർ തമ്മിൽ മത്സരിച്ചുകൊണ്ടിരിക്കുന്നു. ഇതിന്റെ ഒടുവിലത്തെ ഉദാഹരണമാണ് മലപ്പുറം ജില്ലയിലെ തിരൂർ പുതിയങ്ങാടി നേർച്ചയുമായി ബന്ധപ്പെട്ടുണ്ടായ വിവാദം.

തിരൂർ പുതിയങ്ങാടിയിലെ നേർച്ച അനിഷ്ടസംഭവങ്ങൾ ഭയന്ന് വഖ്ഫ് ബോർഡ് തടഞ്ഞു. മൂന്നു വിഭാഗങ്ങൾ നേർച്ച നടത്താൻ അനുവാദമാവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചുവെങ്കിലും മുൻവർഷത്തെ അനുഭവങ്ങളും അന്വേഷകന്റെ റിപ്പോർട്ടും മുന്നിൽ വെച്ച് വഖ്ഫ് ബോർഡ് നേർച്ച തടയുകയായിരുന്നു. ബോർഡിന് അതിന് അധികാരവുമുണ്ട്. എ.പി ഗ്രൂപ്പ് സമസ്ത പോലും ഈ നേർച്ചക്കെതിരെ വഖ്ഫ് ബോർഡിന്റെ പക്ഷത്തുനിന്നു. പക്ഷേ, ഇടതു ഗവൺമെന്റ് വഖ്ഫ് ബോർഡ് തീരുമാനവും അതിലിടപെടാൻ പാടില്ലെന്ന ഹൈക്കോടതി ഉത്തരവും മറികടന്ന് നേർച്ച നടത്താൻ അനുവാദം നൽകി. സംരക്ഷണം നൽകാൻ ജില്ലാ കലക്ടറോടും പോലീസിനോടും ആവശ്യപ്പെടുകയും ചെയ്തു. ഇതാണ് ദുഃഖകരമായ തിരൂർ സംഘർഷത്തിന്റെ കാരണങ്ങളിലൊന്ന്. രാഷ്ട്രീയ നേട്ടം ലക്ഷ്യംവെച്ച് നേർച്ച നടത്താൻ അനുവാദം നൽകിയതിനെ ന്യായീകരിച്ചുകൊണ്ട് എൽ.ഡി.എഫ് കൺവീനർ വൈക്കം വിശ്വൻ പറഞ്ഞ കാര്യങ്ങൾ, മാർക്സിസ്റ്റുകൾ അന്ധവിശ്വാസത്തിന്റെ 'ബ്രാന്റ്' അംബാസഡർ'മാരാകുന്നുവെന്നതിന്റെ വ്യക്തമായ സൂചനയാണ്. 'മതസൗഹാർദം നിലനിർത്താനാണ് നേർച്ചക്ക് അനുവാദം നൽകിയത്. വഖ്ഫ് ബോർഡ് കരുതിക്കൂട്ടി അക്രമമുണ്ടാക്കുകയാണ്. ഇസ്‌ലാമിന്റെ താൽപര്യം സംരക്ഷിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. വഖ്ഫ് ബോർഡ് തീരുമാനം തെറ്റായിരുന്നു. അതിനാൽ സർക്കാർ ഇടപെട്ടു. പുതിയങ്ങാടി നേർച്ച കാർഷികോത്സവമാണ്. ജനകീയ താൽപര്യങ്ങൾ സംരക്ഷിക്കാനാണ് സി.പി.എം ശ്രമിക്കുന്നത്. നേർച്ചകളിൽ അനിസ്‌ലാമികമായി ഒന്നുമില്ല' - ഖബ്ർപൂജയെ ന്യായീകരിക്കുന്ന പുരോഹിതന്മാരുടെ ഭാഷയിലാണ് സി.പി.എം നേതാവ് സംസാരിക്കുന്നത്. ദൈവാസ്തികൃത്തെ നിഷേധിക്കുന്ന മർക്സിസ്റ്റുകൾ മൂഢവിശ്വാസങ്ങളെയും അനാചാരങ്ങളെയും പ്രത്യയശാസ്ത്രവത്കരിക്കുവോളം വളർന്നിരിക്കുന്നു!

ഖബ്ർ സന്ദർശനത്തിന് ഇസ്‌ലാം വലിയ പ്രാധാന്യം നൽകിയിട്ടുണ്ട്. ഇതു സംബന്ധമായി അനേകം പ്രവാചക വചനങ്ങൾ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഖബ്ർ സിയാറത്ത് പ്രബല സുന്നത്താണെന്ന് പ്രസ്തുത ഹദീസുകൾ പഠിപ്പിക്കുന്നു. എന്നാൽ ഖബ്റാരാധനയെയും ഖബ്ർ സിയാറത്തിനെയും ഒന്നായി അവതരിപ്പിച്ചുകൊണ്ട് വിശ്വാസികളെ തെറ്റിദ്ധരിപ്പിച്ച് അവരെ ചൂഷണം ചെയ്യാനാണ് അന്ധവിശ്വാസ കച്ചവടക്കാരായ പുരോഹിതന്മാർ ശ്രമിക്കുന്നത്. വിശ്വാസത്തെ വൈകാരികമായി ഉൾക്കൊള്ളുന്നവരെ വഴിതെറ്റിക്കുക എളുപ്പമാണ്. അടിസ്ഥാന വിശ്വാസത്തിൽ താളപ്പിഴകൾ സംഭവിക്കുന്നതോടെ ജീർണതകൾ എളുപ്പത്തിൽ കടന്നുവരും, എന്തും ഏതും വിശ്വസിക്കുകയും ആചരിക്കുകയും ചെയ്യുന്ന മാനസികാവസ്ഥ സംജാതമാകും. ദുർബലമനസ്കരെയും അന്ധവിശ്വാസങ്ങൾ എളുപ്പത്തിൽ സ്വാധീനിക്കും. ഭൗതിക വിഭവങ്ങളോടും സൗകര്യങ്ങളോടുമുള്ള ആർത്തിയും അവ ലഭിക്കാതിരിക്കുമ്പോഴുണ്ടാകുന്ന മനഃസംഘർഷങ്ങളും അന്ധവിശ്വാസങ്ങൾക്ക് കീഴ്പ്പെടാൻ ആളുകളെ പ്രേരിപ്പിക്കുന്നു. പക്ഷേ, ഇതിന്റെയെല്ലാം പരിണതി ഭയാനകമായിരിക്കും. അവിശ്വാസത്തേക്കാൾ അപകടകരമായിരിക്കും പലപ്പോഴും അന്ധവിശ്വാസം. അതുകൊണ്ടാണ് അല്ലാഹു അവന്റെ വേദമായ ഖുർആനിൽ പോലും അന്ധമായി വിശ്വസിക്കുന്നത് വിലക്കിയത് (*അൽഫുർഖാൻ* 72).

| കോഴിക്കോട് ജില്ലയിലെ ഒരു മഖാമിലെ 'വിലവിവരപ്പട്ടിക' | |
|---|---|
| ജാറം മൂടുന്ന തുണി | 30 രൂപ |
| പരുത്തി | 20 രൂപ |
| മൺവെട്ടി | 60 രൂപ |
| പിക്കാസ് | 100 രൂപ |
| ചുവപ്പ് കൊടി | 30 രൂപ |
| ചുവപ്പ് പട്ട് | 35 രൂപ |
| പച്ചപ്പട്ട് | 40 രൂപ |
| തളികച്ചോറ് | 100 രൂപ |
| ഖത്തം | 300 രൂപ |
| കയർ | 25 രൂപ |
| ബക്കറ്റ് | 50 രൂപ |
| മുസ്ഹഫ് | 40 രൂപ |

### ചൂഷണകേന്ദ്രങ്ങൾ

അന്ധവിശ്വാസ-അനാചാര പ്രചാരണം, സാമ്പത്തിക ചൂഷണം, ശാരീരിക പീഡനം, മനുഷ്യാവകാശ ലംഘനം, ലൈംഗിക പീഡനം, മലിനീകരണം തുടങ്ങി പല മുഖങ്ങളുമുണ്ട് മഖ്ബറകളിലെ ഭക്തിക്കച്ചവടത്തിന്. മാനസിക-ശാരീരിക രോഗങ്ങൾക്ക് അത്ഭുതസിദ്ധി നൽകുന്ന ചികിത്സാ കേന്ദ്രങ്ങളായി അവതരിപ്പിക്കപ്പെടുന്ന ദർഗകളിൽ അതിക്രൂരമായ ശാരീരിക പീഡനങ്ങൾക്കാണ് രോഗികൾ വിധേയരാകുന്നത്. ഭക്ഷണവും മരുന്നും നിഷേധിച്ച് 'ബാധ'യകറ്റാനുള്ള അടി ചികിത്സയാണ് നടക്കുന്നത്. മാലിന്യങ്ങൾ നിറഞ്ഞ ഷെഡ്ഡുകളിൽ ചങ്ങലകളിൽ ബന്ധിക്കപ്പെട്ട് പഴുത്തൊലിക്കുന്ന വ്രണങ്ങളും പട്ടിണിയുമായി നരകയാതനയനുഭവിക്കുന്നവർ ഒരിക്കലും രോഗം സുഖപ്പെടാതെ മരണത്തിന് കീഴടങ്ങുന്നു. സ്ത്രീകളും പുരുഷന്മാരും ഒരേ ഷെഡ്ഡിൽ ഒരേ തൂണിലാണ് ബന്ധിക്കപ്പെടുന്നത്. സ്വത്ത് കൈക്കലാക്കാനും മറ്റും കുടുംബക്കാർ 'ഭ്രാന്ത'രാക്കിയവരാണ് ഇവരിൽ ചിലർ. മറ്റു ചിലരാകട്ടെ ശല്യമൊഴിവാക്കാനോ അന്ധവിശ്വാസങ്ങളിൽ കുടുങ്ങിയോ കുടുംബക്കാർ കൊണ്ടുവിട്ട മാനസിക രോഗികളാണ്. 1991-ൽ ഏർവാടി ദർഗയിലുണ്ടായ അഗ്നിബാധയിൽ 28 പേർ മരിച്ചതും അതിനോടനുബന്ധിച്ച് പുറത്തുവന്ന വാർത്തകളും ഞെട്ടിക്കുന്നതായിരുന്നു. ഏർവാടിയിലെയും ബീമാപള്ളിയിലെയും മാനസികരോഗ 'ചികിത്സാ'കേന്ദ്രങ്ങളിലെ കാഴ്ചകൾ ഭയാനകവും ദാരുണവുമാണ്.

ദർഗകൾ കേന്ദ്രീകരിച്ച് ഹീനമായ ലൈംഗിക ചൂഷണങ്ങളും നടന്നുകൊണ്ടിരിക്കുന്നു. ചികിത്സക്കായി വരുന്ന മാനസിക രോഗിണികളും അനുഗ്രഹം

തേടിയെത്തുന്ന സ്ത്രീകളുമാണ് ലൈംഗിക ചൂഷണത്തിന്റെ ഇരകൾ. പുരോഹിതന്മാരും ഏജന്റുമാരുമടങ്ങുന്ന റാക്കറ്റുകൾ ഇതിനായി പ്രവർത്തിക്കുന്നുണ്ട്. ദർഗകളിൽ നടക്കുന്ന ഉറൂസുകളിലേക്ക് ഒരുവിഭാഗം സ്ത്രീ-പുരുഷന്മാർ വരുന്നതുതന്നെ ഇത് ലക്ഷ്യം വെച്ചാണെന്നത് പരസ്യമായ രഹസ്യമാണ്. ദർഗകളിൽ ലൈംഗിക ചൂഷണത്തിനിരയായി മാനം നഷ്ടപ്പെട്ടവരും ഗർഭിണികളായവരുമായ നിരവധി പേരുണ്ട്. ഇതൊന്നും പക്ഷേ, മാനഹാനി ഭയന്ന് പലരും പുറത്തുപറയാറില്ലെന്നു മാത്രം..

ദർഗകൾ കേന്ദ്രീകരിച്ച് നടക്കുന്ന ഇത്തരം പീഡനങ്ങളെയും ചൂഷണങ്ങളെയും തട്ടിപ്പുകളെയും കുറിച്ച് പലർക്കുമറിയാം. പക്ഷേ, 'മത'ത്തിന്റെയും 'വിശ്വാസ'ത്തിന്റെയും കാര്യമായതിനാൽ പ്രത്യാഘാതങ്ങൾ ഭയന്ന് അവർ മൗനികളാവുന്നു. മതവികാരം വ്രണപ്പെടുമെന്ന് പേടിച്ച് പലരും പ്രതികരിക്കാതിരിക്കുന്നു, മാനഹാനി ഭയന്ന് ഇരകൾ മിണ്ടാതിരിക്കുന്നു. ഈ അനുകൂല സാഹചര്യം മുതലെടുക്കുകയാണ് മഖ്ബറ വ്യവസായികൾ. ഭരണാധികാരികളും പോലീസും ഇതിലൊന്നും ഇടപെടാതിരിക്കാനും ആകാവുന്നത്ര പ്രോത്സാഹിപ്പിക്കാനും ശ്രമിക്കുന്നു. ഭരണകൂടങ്ങളുടെയും രാഷ്ട്രീയ പാർട്ടികളുടെയും പുതിയ ശൈലി മതത്തിന്റെ ലേബലുള്ള എല്ലാറ്റിനെയും പ്രീണിപ്പിക്കുക എന്നതാണല്ലോ.

### സാമ്പത്തിക താൽപര്യങ്ങൾ

സാമ്പത്തിക താൽപര്യങ്ങളാണ് മഖ്ബറ വ്യവസായത്തിന്റെ വളർച്ചക്കു പിന്നിലെ പ്രധാന ഘടകം. സംഭാവനകളും നേർച്ച വസ്തുക്കളുമാണ് പ്രധാന വരുമാന മാർഗങ്ങൾ. ലക്ഷങ്ങളാണ് വിവിധ മാർഗേണ ദർഗകളിൽ മാസം തോറും പിരിഞ്ഞുകിട്ടുന്നത്. ഉറൂസുകളുടെ സീസണിൽ വരുമാനം പതിന്മടങ്ങ് വർധിക്കുന്നു. ദർഗകളുടെ പേരിലുള്ള തർക്കങ്ങളും സംഘർഷങ്ങളും കേസുകളും സാമ്പത്തിക താൽപര്യങ്ങളുമായി മാത്രം ബന്ധപ്പെട്ടതാണ്. ചില മഖ്ബറകൾ കുടുംബങ്ങളുടെ ഉടമസ്ഥതയിലുള്ളതാണ്. ലാഭവിഹിതം പങ്കുവെക്കുന്നതിൽ കുടുംബാംഗങ്ങൾക്കിടയിൽ കലഹമുണ്ടാവുകയും കൊലപാതകത്തിൽ കലാശിക്കുകയും ചെയ്ത സംഭവം കോഴിക്കോട് ജില്ലയിലുണ്ടായിട്ടുണ്ട്. വ്യക്തികൾ മുതവല്ലിമാരായ മഖാമുകളിലെ വരുമാനം ഒരു വ്യക്തി ഒറ്റക്കനുഭവിക്കുന്നതിൽ അസൂയപൂണ്ട മറ്റുള്ളവർ മഖാം നടത്തിപ്പ് മുതവല്ലിയിൽനിന്ന് കമ്മിറ്റിയിലേക്ക് മാറ്റാൻ തന്ത്രം മെനയുന്നു. പുതിയ കമ്മിറ്റി രൂപീകരിച്ച് രജിസ്റ്റർ ചെയ്യുന്നു. ഇതിനെതിരെ മുതവല്ലി മസിൽപവർ പുറത്തെടുക്കുകയോ കോടതി കയറുകയോ ചെയ്യുന്നു. വ്യക്തി ഉടമസ്ഥതയിലുണ്ടായിരുന്ന വടക്കൻ കേരളത്തിലെ വലിയ വിറ്റുവരവുള്ള ഒരു പ്രമുഖ മഖ്ബറ പള്ളിക്കമ്മിറ്റിയംഗങ്ങളിൽ ചിലർ തങ്ങളുടെ കീഴിലാക്കണമെന്ന് മോഹിച്ചു. ഇതറിഞ്ഞ മുതവല്ലി പള്ളിയിൽവെച്ച് കഠാരയൂരി പ്രഖ്യാപിച്ചു: 'ദർഗക്കുവേണ്ടി വേണമെങ്കിൽ ശഹീദാകാനും ഞാൻ സന്നദ്ധനാണ്!' പക്ഷേ, അദ്ദേഹത്തിന് വിജയിക്കാനായില്ല. ഈ മഖ്ബറ അയാളിൽനിന്ന് ഇപ്പോൾ എ.പി ഗ്രൂപ്പ് സമസ്ത കൈവശപ്പെടുത്തിയിരിക്കുകയാണ്.

കമ്മിറ്റികൾ തമ്മിലുള്ള തർക്കങ്ങളാണ് ചിലയിടങ്ങളിൽ. നിലവിലുള്ള കമ്മിറ്റി പണം വാരുന്നത് കാണുമ്പോൾ അതിലുൾപ്പെടാത്തവർ ചേർന്ന് പുതിയ കമ്മിറ്റിയുണ്ടാക്കുന്നു. ഇതിനായി പഴയ കമ്മിറ്റിയിൽ അഴിമതിയാരോപണങ്ങളും മറ്റും ഉന്നയിക്കുന്നു. യഥാർഥത്തിൽ സമസ്തയിലെ ഇരു ഗ്രൂപ്പുകൾ തമ്മിലാണ് മഖ്ബറകൾക്കുവേണ്ടിയുള്ള തർക്കങ്ങളും കേസുകളും നടക്കുന്നത്. മമ്പുറം, മടവൂർ മഖാമുകൾ ഇതിനുദാഹരണമാണ്. മമ്പുറം മഖാമിന്റെ ഉടമസ്ഥത ലഭിക്കുന്നതിന് ഇ.കെ, എ.പി സമസ്തകൾ തമ്മിൽ ദീർഘകാലമായി തർക്കങ്ങൾ നടന്നുവരികയാണ്. കോടതിയിൽ കേസും ഫയൽചെയ്യപ്പെട്ടു. ചെമ്മാട് ദാറുൽ ഹുദാക്ക് മഖാം ലഭിച്ചതോടെ തർക്കം മൂർഛിച്ചു. മമ്പുറം മഖാമിലെ വരുമാനം ശരിയായ രീതിയിൽ വിതരണം ചെയ്യപ്പെടുന്നില്ലെന്നും അഴിമതി നടക്കുന്നുവെന്നും കാണിച്ച് കോഴിക്കോട് സയ്യിദ് മുഹമ്മദ് ജിഫ്രി തങ്ങൾ മുമ്പ് കേസ് കൊടുക്കുകയുണ്ടായി. ചില കമ്മിറ്റികൾക്ക് നേതൃത്വം കൊടുക്കുന്നതു തന്നെ അഴിമതിക്കാരാണ്. മഖാമുകൾക്കു കീഴിലെ നിർമാണ പ്രവർത്തനങ്ങൾക്ക് കരാർ കൊടുക്കുകയും മറ്റും വഴി കമ്മിറ്റിയംഗങ്ങൾ ദർഗയിലെ പണം നിർലോഭം പിടുങ്ങുന്നു.

മടവൂർ മഖാമിന്റെ ഉത്ഭവംതന്നെ രസകരമായ ഒരവകാശത്തർക്കത്തോടെയാണ്. ഔലിയ പട്ടം ചാർത്തപ്പെട്ട സി.എം മടവൂർ നിര്യാതനായത് കോഴിക്കോട്ട് ഇടിയങ്ങരയിലാണ്. നിലവിൽ അവിടെയൊരു മഖ്ബറയുള്ളതുകൊണ്ട് പുതിയൊരു കച്ചവടകേന്ദ്രത്തിന് സാധ്യത കുറവായിരുന്നു. സി.എമ്മിന്റെ മയ്യിത്തിനു മേൽ ഇരു സമസ്തകളും അവകാശം സ്ഥാപിക്കാൻ ശ്രമിച്ചു. രണ്ടു വിഭാഗവും വെവ്വേറെ മയ്യിത്ത് നമസ്കാരം നടത്തി, ഇടിയങ്ങരയിലും മടവൂരും. ഇരു സമസ്തകളും മടവൂരിൽ രണ്ട് ഖബ്റുകൾ സി.എമ്മിനു വേണ്ടി ഒരുക്കി. നീണ്ട തർക്കങ്ങൾക്കൊടുവിൽ ഇ.കെ വിഭാഗത്തിന്റെ ഖബ്റിൽ സി.എമ്മിനെ അടക്കം ചെയ്തു. പിന്നീട് ഉറൂസ് നടത്തുന്നതിന്റെ പേരിലായി തർക്കം. ഇപ്പോൾ ഇരു വിഭാഗവും വെവ്വേറെ ആണ്ടുനേർച്ചകൾ നടത്തിക്കൊണ്ടിരിക്കുന്നു. ഇരുവിഭാഗത്തിനുമുണ്ട് കമ്മിറ്റികളും നേർച്ചകൾ സ്വീകരിക്കാനുള്ള സംവിധാനങ്ങളും. ഒരു വിഭാഗത്തിനു ലഭിക്കേണ്ട സംഭാവനകളും നേർച്ചകളും മറുവിഭാഗം തട്ടിയെടുക്കുന്നതാണ് ഇപ്പോഴത്തെ പ്രശ്നം. മഖാംഭക്തർക്ക് കൺഫ്യൂഷൻ തീരുന്നില്ല! നിലവിൽ ഒരുവിഭാഗം ദർഗ നടത്തിക്കൊണ്ടിരിക്കുന്നിടത്തും സാധ്യതയുള്ള മറ്റു സ്ഥലങ്ങളിലും മറു വിഭാഗം പുതുതായി ദർഗകൾ ആരംഭിക്കുകയാണ്. കോഴിക്കോട് ജില്ലയിലൊരിടത്ത് ദീർഘകാലമായി നിലനിൽക്കുന്ന ഒരു ദർഗയുടെ മീറ്ററുകൾക്കപ്പുറത്ത് എ.പി ഗ്രൂപ്പ് പുതിയ ദർഗയും ഉറൂസും ആരംഭിക്കുകയുണ്ടായി! പഴയ ദർഗയിലെ ഉറൂസിന്റെ തൊട്ടുമുമ്പുള്ള ദിവസങ്ങളിലാണ് പുതിയ ദർഗയിൽ ഉറൂസ്. അതോടെ പഴയതിലെ ഉറൂസിന്റെ പൊലിമയും വരുമാനവും കുറഞ്ഞുവരികയാണ്.

കമ്മിറ്റിയിലെ അംഗങ്ങൾ തമ്മിലും, കമ്മിറ്റിയും ദർഗയിൽ 'ഭക്തി'വിതരണം ചെയ്യുന്ന പുരോഹിതന്മാർ, സഹായികൾ എന്നിവർ തമ്മിലും രൂക്ഷമായ തർക്കങ്ങളുണ്ട് പല സ്ഥലങ്ങളിലും നടക്കുന്നത്. ലാഭവിഹിതം ഓഹരി വെക്കുന്നതിലെ അഭിപ്രായവ്യത്യാസങ്ങളാണ് തർക്കങ്ങൾക്ക് അടിസ്ഥാനം.

### വരുമാനമാർഗങ്ങൾ

പലവിധ വരുമാനമാർഗങ്ങളുണ്ട്

**വിവിധ ദർഗകളിൽനിന്ന് 'നിവർത്തിച്ചുകൊടുക്കപ്പെടുന്ന' വിശേഷാൽ ആവശ്യങ്ങൾ**

**അജ്മീർ ദർഗ-** സന്താനസൗഭാഗ്യം
**ഏർവാടി-** മാനസികരോഗ ചികിത്സ
**നാഗൂർ -** രോഗ ചികിത്സ, ആത്മീയ പ്രശ്നങ്ങൾക്ക് പരിഹാരം
**അമ്മാജി ബാബാജി ദർഗ, കർണാടക-** വെള്ളപ്പാണ്ട്, മാറാ രോഗങ്ങൾ മാറ്റൽ
**ബാബാ ഖമറലി ദർവേശ് ദർഗ-** ആഗ്രഹസഫലീകരണം
**ബീമാപള്ളി-** മാനസികരോഗ ചികിത്സ
**പുത്തൻപള്ളി ജാറം-** വിഷമിറക്കൽ
**മമ്പുറം മഖാമിലെ കൊടി-** വരൾച്ച മാറ്റുക, മഴ പെയ്യിക്കുക
**കടുവയിൽ മസ്ജിദ്-** യാത്രയിലെ സുരക്ഷിതത്വം

ദർഗകൾക്ക്. അതിൽ മുഖ്യം നേർച്ചപ്പെട്ടികളാണ്. യാത്രക്കാർക്ക് സംഭാവനകൾ അർപ്പിക്കാനായി റോഡരികിൽ സ്ഥാപിക്കുന്ന നേർച്ചപ്പെട്ടികളിൽ ചിലത് ചെറുതാണെങ്കിൽ മറ്റു ചിലത് ഒരാൾപൊക്കത്തിലുള്ളതാണ്. ദർഗാ ഭക്തർ എറിഞ്ഞുകൊടുക്കുന്ന നാണയത്തുട്ടുകളും നോട്ടുകളും ശേഖരിക്കാനായി പ്രത്യേക ജോലിക്കാർ ഷിഫ്റ്റായി ജോലിചെയ്യുന്നു. ഒരു ഷിഫ്റ്റിൽ മൂന്നോ നാലോ ആളുകളുണ്ടാകും. മഖ്ബറകളിൽ സ്ഥാപിക്കപ്പെടുന്ന നേർച്ചപ്പെട്ടികൾ ഇതിനു പുറമെയാണ്. മൂന്നു വാതിലുകളുള്ള ദർഗയിൽ ഓരോ വാതിലിനു സമീപവും ഓരോ നേർച്ചപ്പെട്ടിയുണ്ടാകും. മഖ്ബറയുടെ രണ്ട് അറ്റങ്ങളിലും വേറെ രണ്ടെണ്ണവും. ഇങ്ങനെ അകത്തും പുറത്തുമായി സ്ഥാപിക്കപ്പെടുന്ന ഭണ്ഡാരങ്ങളിൽ ഒരു മാസം നിക്ഷേപിക്കപ്പെടുന്ന പണം മാത്രം പതിനായിരങ്ങൾ വരും. പുരോഹിതന്മാർക്കും മൊല്ലാക്കമാർക്കും നൽകുന്ന കൈമടക്കുകൾ ഇതിനു പുറമെ.

ജാറംഭക്തർ സമർപ്പിക്കുന്ന നേർച്ച വസ്തുക്കളാണ് മറ്റൊന്ന്. ദർഗകളോടനുബന്ധിച്ച നേർച്ചസാധനങ്ങൾ വിൽക്കുന്ന നിരവധി കടകളുണ്ട്. അവയിൽ മിക്കതും നടത്തുന്നത് ദർഗക്ക് മേൽനോട്ടം വഹിക്കുന്ന മുതവല്ലിയോ മൊല്ലാക്കയോ കമ്മിറ്റി തന്നെയോ ആണ്. നൂലുണ്ട, മൺവെട്ടി, വെളിച്ചെണ്ണ, വാഴക്കുല, അരി, വിവിധ നിറങ്ങളിലുള്ള കൊടികൾ, കോഴിമുട്ട, തെങ്ങിൻ തൈ തുടങ്ങിയ നേർച്ച വസ്തുക്കളാണ് അവിടങ്ങളിൽ വിൽപന നടത്തുന്നത്. ഭക്തർ ഇവ വാങ്ങി ദർഗകളിൽ നേർച്ചയാക്കുന്നു. അവ ഏറ്റുവാങ്ങി കേടുകൂടാതെ സൂക്ഷിക്കുന്ന ദർഗനടത്തിപ്പുകാർ വിൽക്കാൻ വേണ്ടി തങ്ങളുടെ കടകളിലേക്കുതന്നെ അത് തിരിച്ചെത്തിക്കുന്നു. ഇങ്ങനെ ഒരു വസ്തുതന്നെ അനേകം തവണ വിൽക്കപ്പെടുകയും നേർച്ചയാക്കപ്പെടുകയും ചെയ്യുന്നു. ചില മഖ്ബറകളിൽ 'ജാറം മൂടൽ' എന്നൊരു ചടങ്ങുണ്ട്. പുതിയ തുണികളാണ് ഇതിന് ഉപയോഗിക്കുന്നത്. ജാറംമൂടുന്ന തുണി മടക്കിവെക്കാനായി പ്രത്യേകം ആളുകളുണ്ട്. അവർ തുണികൾ മടക്കിയെടുത്ത് ഭംഗിയായി പാക്ക് ചെയ്ത് അതേ കടകളിലേക്കു തന്നെ തിരിച്ചെത്തിക്കുന്നു. ഇങ്ങനെ നേർച്ചസാധനങ്ങളുടെ ഒരു 'വ്യാപാര ചക്രം' രൂപപ്പെടുന്നു. ഇതിലൂടെയുണ്ടാകുന്ന വരുമാനം കണക്കാക്കാനാകാത്തതാണ്. ദർഗനടത്തിപ്പുകാരല്ലാത്തവരെ ദർഗാ പരിസരങ്ങളിൽ കച്ചവടം ചെയ്യാനനുവദിക്കുന്നില്ല പല സ്ഥലങ്ങളിലും. അങ്ങനെ ആരെങ്കിലും കച്ചവടം തുടങ്ങിയാൽ അവർക്ക് ഭീഷണിയും മർദനങ്ങളും ഏൽക്കേണ്ടിവരുന്നു. അത്തരം അനുഭവങ്ങൾ സ്ത്രീകളും പുരുഷന്മാരുമായ കച്ചവടക്കാരിൽ ചിലർ പങ്കുവെക്കുകയുണ്ടായി. വെളിച്ചെണ്ണ ചികിത്സ നടത്തുന്ന ഒരു ബീവി ചികിത്സക്കാവശ്യമായ വെളിച്ചെണ്ണ വാങ്ങാൻ നിർദേശിക്കുന്നത് ഒരു പ്രത്യേക കടയിൽനിന്നു മാത്രമാണ്. അന്വേഷണത്തിൽ മനസ്സിലായത് അത് ബീവിയുടെ പിതാവിന്റെ കടയാണെന്നാണ്!

മണിഓർഡറായും നേരിട്ടും ഏൽപിക്കുന്ന പണവും സ്വർണാഭരണങ്ങളും 'വഖ്ഫ്' ചെയ്യപ്പെടുന്ന ഭൂമി-കെട്ടിടങ്ങളും ദർഗകളുടെ വരുമാനമാർഗങ്ങളാണ്. ഉറൂസുകളോടനുബന്ധിച്ചുള്ള പെട്ടിവരവുകളും പ്രധാനമാണ്. ഏജന്റുമാരുടെയും കച്ചവടക്കാരുടെയും ഒരു വലിയ നെറ്റ്വർക്ക് തന്നെ ദർഗകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. വിവിധ പ്രദേശങ്ങളിൽനിന്ന് കേരളത്തിനകത്തും പുറത്തുമുള്ള ദർഗകളിലേക്ക് സിയാറത്ത് ടൂറുകൾ സംഘടിപ്പിക്കുന്നത് ഇത്തരം ഏജന്റുമാരാണ്. പല മുസ്‌ലിയാക്കളും ഈ നെറ്റ്വർക്കിൽ കണ്ണികളാണ്. നോട്ടീസുകളിലൂടെയും മറ്റും പരസ്യം നൽകി ആളുകളെ സംഘടിപ്പിച്ച് സംഘടനകളുടെയും മദ്റസ-പള്ളി കമ്മിറ്റികളുടെയും ബാനറിൽ ലക്ഷ്വറി വാഹനങ്ങളിൽ ദർഗ തീർഥാടനങ്ങൾക്ക് സിയാറത്ത് ടൂറുകൾ സംഘടിപ്പിക്കുന്നത് ഇത്തരം കമീഷൻ ഏജന്റുമാരാണ്. പ്രമുഖ ദർഗകളോടനുബന്ധിച്ച് ഏജന്റുമാർക്ക് ഓഫീസും ലോഡ്ജുകളുമുണ്ട്. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ നടക്കുന്ന പലവിധ ചൂഷണങ്ങളും അൽപസ്വൽപം വ്യത്യാസത്തോടെ ഇവിടങ്ങളിലും നടന്നുകൊണ്ടിരിക്കുന്നു. ദർഗ നടത്തിപ്പുകാരും ഏജന്റുമാരും വിവിധ സ്ഥലങ്ങളിലെ പുരോഹിതന്മാരും സംഘടനകളും തമ്മിലുള്ള പരസ്പര ധാരണയാണ് മഖ്ബറവ്യവസായത്തിലേക്ക് ഉപഭോക്താക്കളെ എത്തിച്ചുകൊടുക്കുന്നത്. കമീഷൻ വിഷയത്തിലും മറ്റും ഇവർ തമ്മിലുണ്ടാകുന്ന തർക്കങ്ങളാണ് ദർഗകളിലെ ചൂഷണങ്ങൾ പുറത്താകുന്നതിനും അപകടങ്ങൾക്കും കാരണമാകുന്നത്.

ജാറം മൂടുന്ന പട്ട്, ദർഗ കഴുകുന്ന വെള്ളം, മന്ത്രിച്ചൂതിയ വസ്തുക്കൾ എന്നിവയുടെ വിൽപനയും വരുമാന മാർഗങ്ങളാണ്. നത്തർവലി ദർഗ കഴുകുന്ന 'പോരിശയാക്കപ്പെട്ട' വെള്ളം ഭക്തജനങ്ങൾ ഇഷ്ടാനുസാരം കുപ്പിയിലും മറ്റും ശേഖരിച്ചുകൊണ്ടുപോവുകയായിരുന്നു പതിവ്. ഇതിലെ കച്ചവടസാധ്യത തിരിച്ചറിഞ്ഞ ദർഗാ നടത്തിപ്പുകാർ വെള്ളം ശേഖരിക്കുന്നതിൽനിന്ന് ഭക്തജനങ്ങളെ വിലക്കി. ദർഗ കമ്മിറ്റിതന്നെ വെള്ളം ശേഖരിച്ച് കുപ്പിയിലാക്കി വിൽപന തുടങ്ങി. അങ്ങനെ പുതിയൊരു വരുമാനമാർഗം കൂടി തുറന്നുകിട്ടി. മഖ്ബറ മൂടുന്ന പച്ചപ്പട്ട് മാറ്റി പുതിയത് ഇടുമ്പോൾ പഴയത് മുറിച്ച് കഷ്ണങ്ങളാക്കി ഭക്തർക്ക് വിറ്റ് കാശാക്കുന്ന പതിവും ചിലയിടങ്ങളിലുണ്ട്.

മഖ്ബറ വ്യവസായത്തിന് ശക്തരായ കാവൽക്കാരെയും ഏർപ്പെടുത്തിയിട്ടുണ്ട് നടത്തിപ്പുകാർ. എന്തു പ്രശ്നങ്ങളുണ്ടായാലും ക്രിമിനൽ സ്വഭാവമുള്ള ഈ ഗുണ്ടകളാണതിൽ ഇടപെടുക. മഖ്ബറകളിലെ കാവൽക്കാരും ഗൈഡുമാരും സ്വന്തം നാട്ടിൽനിന്ന് പല പ്രശ്നങ്ങളുമുണ്ടാക്കി രക്ഷപ്പെട്ടവരായിരിക്കും. നാട്ടുകാരും പോലീസും തെരയുന്ന അവർ പൊങ്ങുന്നത് ദർഗകളിലാണ്. ദർഗകളിൽ കേവല സന്ദർശനത്തിന് വരുന്നവർക്ക് കാവൽക്കാരുടെ ശകാരം ഉറപ്പാണ്. പണം നൽകി 'പ്രസാദം' വാങ്ങാതെ വെറുതെ ക്യൂ നിൽക്കുന്നവരോട് കാവൽക്കാരും പുരോഹിതന്മാരും കയർക്കുന്നത് കാണാം.

### അജ്ഞാതരായ 'ഔലിയാക്കൾ'

മഖ്ബറകളിൽ അടക്കം ചെയ്യപ്പെട്ടവർ, പ്രവാചകന്റെ കുടുംബപരമ്പരയിൽപെട്ട അത്ഭുതസിദ്ധികളുള്ള ഔലിയാക്കളാണെന്നാണ് പ്രചരിപ്പിക്കപ്പെടാറുള്ളത്. ഏതെങ്കിലും അറബ്‌രാജ്യത്തു നിന്ന് വന്ന മഹാനവർകളായാണ് ഔലിയയെ പരിചയപ്പെടുത്താറ്. പക്ഷേ, അവരിൽ മിക്കവർക്കും ശരിയായ മേൽവിലാസം പോലുമുണ്ടാവില്ല. പലരുടെയും ഊരും പേരും ആർക്കുമറിയില്ല. യമനി, ഇറാഖി, കൂഫി, ബക്‌രി എന്നൊക്കെ വിളിക്കപ്പെടുന്ന പലരും ആരാണെന്നോ എവിടെ നിന്ന് വന്നുവെന്നോ യഥാർഥ പേരെന്താണെന്നോ ദർഗ നടത്തിപ്പുകാർക്കു പോലും അറിയില്ല. മഖ്ബറകളിലുള്ള ഔലിയ മുസ്‌ലിമായിരുന്നോ എന്നു പോലും തീർച്ചപ്പെടുത്താനാവാത്ത അവസ്ഥയുമുണ്ട്. കണ്ണൂർ ജില്ലയിലെ ഒരു മഖ്ബറയിലെ ഭക്തരെ സേവിക്കാൻ നിൽക്കുന്ന 'ഉസ്താദി'നോട് 'വലിയ്യി'നെക്കുറിച്ച് ചോദിച്ചപ്പോൾ വ്യക്തമായൊരു മറുപടിയും ലഭിച്ചില്ല. പുറത്തിറങ്ങി പ്രായമുള്ളവരോട് അന്വേഷിച്ചപ്പോൾ അവരും കൈമലർത്തി! അറബിയിലുള്ള കുറേ വാക്കുകളും അറേബ്യയിലെ ഏതാനും സ്ഥലനാമങ്ങളും കൂട്ടിച്ചേർത്ത് ഒരു പേര് നിർമിച്ച് ഫിറ്റ് ചെയ്യുന്നതോടെ ഏതൊരാളുടെ ഖബ്റും ഔലിയയുടെ മഖ്ബറയായി രൂപം പ്രാപിക്കുന്നു.

പല ദർഗകളിലെയും 'ഔലിയാ'ക്കളുടെ പേരുകൾതന്നെ അത്ഭുതപ്പെടുത്തുന്നതും അവരുടെ മേൽവിലാസമില്ലായ്മ വെളിപ്പെടുത്തുന്നതുമാണ്. പൈക്കം മണ

വാട്ടി, അറബി ഹാജി തങ്ങൾ, അറേബ്യൻ ബീവി, മുത്തുബീവി, വള്ളംകൈ ഫഖീർ വലിയ്യുല്ല, പൊസോട്ട് ഫഖീർ സാഹിബ്, പാപം കോയ തങ്ങൾ (കാസർകോട്), മൂന്നുപെറ്റുമ്മ (കണ്ണൂർ), മുനമ്പത്ത് ബീവി, കാസർട്ട് ഔലിയ(പൊന്നാനി), പുറക്കാട് അറബി സയ്യിദ് തങ്ങൾ (ആലപ്പുഴ)തുടങ്ങിയവ ഉദാഹരണം.

മുനമ്പത്ത് ബീവിയുടെ കഥ രസകരമാണ്. ഒരു സ്ത്രീയുടെ ജീർണിച്ച മൃതശരീരം കടൽതീരത്തണഞ്ഞു. രണ്ടോ മൂന്നോ തവണ കടലിലേക്കുതന്നെ തള്ളിവിട്ടിട്ടും ശവശരീരം വീണ്ടും കരക്കണഞ്ഞു. അത്ഭുതസിദ്ധികളുള്ള മൃതദേഹമായതുകൊണ്ടാണ് കടലിലേക്ക് പോകാത്തതെന്ന് ആരോ പറഞ്ഞു. അതോടെ ഈ ജഡം മറവു ചെയ്യപ്പെടുകയും അവിടെ മഖ്ബറ ഉയരുകയും ചെയ്തു! ആരാണീ 'ബീവി'യെന്ന് ആർക്കുമറിയില്ല. 'അത്ഭുതസിദ്ധികളുണ്ടായിട്ടും' അനാഥ ശവമായി അവർ കടലിലൊഴുകിനടന്നത് എന്തുകൊണ്ടാണെന്നും ആരും ചിന്തിക്കാറില്ല. മലപ്പുറം ജില്ലയിലെ ദർഗകളില്ലാത്ത ഒരു സ്ഥലത്ത് ദരിദ്രനായ ഒരു മുസ്‌ലിയാർ പുതിയൊരു മഖ്ബറ ആരംഭിക്കാൻ ഈയിടെ ഒരു ശ്രമം നടത്തി. പക്ഷേ, പ്രദേശവാസികളിൽനിന്ന് അതിന് പിന്തുണ ലഭിച്ചില്ല. അവർക്കറിയാമായിരുന്നു, അവിടെ ഒരു വലിയ്യിന്റെ ഖബ്റുമില്ലെന്ന്. അതോടെ മുസ്‌ലിയാരുടെ ശ്രമം പൊളിഞ്ഞു.

പല മഖാമുകളിലും തദ്ദേശീയരായ ആളുകൾ സന്ദർശനം നടത്തുന്നത് കുറവാണ്. ചിലയിടങ്ങളിൽ തീരെ ഇല്ലെന്നുതന്നെ പറയാം. മഖാമുകളിലെ തട്ടിപ്പുകളെക്കുറിച്ച് പ്രദേശവാസികൾക്ക് നേരിട്ട് അറിയാമെന്നതാണ് കാരണം. അതേസമയം വിദൂരപ്രദേശങ്ങളിൽനിന്ന് അവിടങ്ങളിലേക്ക് ധാരാളം സന്ദർശകർ എത്തുകയും ചെയ്യുന്നു. കോഴിക്കോട് ജില്ലയിലെ ഉൾപ്രദേശത്തുള്ള ഒരു മഖാമിലെ ഉറൂസിന് തിരുവനന്തപുരം, കൊല്ലം ജില്ലകളിൽനിന്നാണ് ഭക്തർ വരുന്നത്! നാട്ടുകാരും സമീപപ്രദേശത്തുകാരും അയൽജില്ലക്കാരും ഇല്ലെന്നുതന്നെ പറയാം. മഖാമിലെ 'ശൈഖി'നെക്കുറിച്ച അത്ഭുതകഥകൾ വിദൂര പ്രദേശങ്ങളിലാണ് പ്രചരിപ്പിക്കപ്പെടുന്നത് എന്നതാണിതിന്റെ കാരണം. മഖ്ബറകളിൽ അടക്കം ചെയ്യപ്പെടുന്നവരെക്കുറിച്ച കറാമത്ത്കഥകൾ പ്രചരിപ്പിക്കാനും ഏജന്റുമാരും ഗൈഡുമാരും എഴുത്തുകാരും ധാരാളമുണ്ട്.

ഇങ്ങനെ വിശ്വാസവും ഭക്തിയും ആചാരങ്ങളും ലാഭകരമായി വിപണനം ചെയ്യുന്ന വ്യാപാര കേന്ദ്രങ്ങളായി മഖ്ബറകളും മറ്റു തട്ടിപ്പുകളും നിലനിൽക്കുകയാണ് സമൂഹത്തിൽ. വിജ്ഞാനവും ശാസ്ത്രവും ടെക്നോളജിയും വളർന്നുകൊണ്ടിരിക്കെത്തന്നെ മനുഷ്യൻ കൂടുതൽ അന്ധവിശ്വാസിയായി മാറിക്കൊണ്ടിരിക്കുന്നു. ജ്യോത്സ്യന്മാർ, ചാത്തൻ സേവാ മഠങ്ങൾ, അത്ഭുതസിദ്ധ മോതിരങ്ങൾ, ദർഗകൾ, സിദ്ധന്മാർ, ബീവിമാർ, സൈക്കോ തസ്വവ്വുഫ്, രോഗശാന്തി ശുശ്രൂഷ, ധ്യാന ചികിത്സ, മന്ത്രവാദം, ആൾദൈവങ്ങൾ, ജീവനകലകൾ, സൂര്യായാഗങ്ങൾ... മൂഢവിശ്വാസങ്ങളുടെയും ദുരാചാരങ്ങളുടെയും ജീർണതകളുടെയും വിഡ്ഢിത്തങ്ങളുടെയും തടവറകളിൽ ആധുനിക മനുഷ്യൻ ബന്ധിക്കപ്പെട്ടിരിക്കുന്നു. ഭൗതിക പ്രത്യയശാസ്ത്രങ്ങൾ തീർത്ത ആത്മീയനിരാസം അവിശ്വാസത്തിൽനിന്ന് അന്ധവിശ്വാസത്തിലേക്ക് ആളുകളെ നയിച്ചുകൊണ്ടിരിക്കുന്നു. മുതലാളിത്തവിരുദ്ധ സമരത്തെ അതിന്റെ തന്നെ ഉപോൽപന്നങ്ങളിലൊന്നായ ആത്മീയ വ്യവസായത്തിനെതിരായ പോരാട്ടങ്ങളിലേക്ക് കൂടി വികസിപ്പിക്കേണ്ടത് കാലഘട്ടത്തിന്റെ തേട്ടമാണ്. ■